പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2999

15..12.2015 ൽ മറുപടിയ്ക്ക്.

# കായൽ കയ്യേറ്റം

ചോദ്യം

ശ്രീ.എ.എം. ആരിഫ് :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വ്യാപകമായി കായൽ കയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിവിധ ജില്ലകളിലായി ജലസ്രോതസ്സുകളിൽ നടക്കുന്ന ഇത്തരം കയ്യേറ്റങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഉള്ളടക്കം വിശദമാക്കുമോ; | ബി) & (സി) | തിരുവനന്തപുരം ജില്ലയിൽ വെള്ളായണി, ആക്കുളം, കഠിനംകുളം എന്നീകായലുകളുടെ പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തി കൈയ്യേറിയിട്ടുണ്ട്. ചിറയിൽകീഴ് താലൂക്കിന്റെ പരിധിയിൽപ്പെട്ട കായലുകളിൽ വ്യാപകമായ കായൽ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊല്ലം ജില്ലയിൽ വ്യാപകമായ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ, ചേർത്തല, കുട്ടനാട് താലൂക്കുകളിൽ കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാർത്തികപ്പള്ളി താലൂക്കിൽ കായൽ കയ്യേറ്റം റിപ്പോർട്ട് ചെയ്യിട്ടില്ല. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് കായൽ കയ്യേറ്റം സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്യിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ചെങ്ങന്നൂർ മാവേലിക്കര താലൂക്കുകളിൽ കായൽ കയ്യേറ്റം ഇല്ലാത്തതാണ്. കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ കുമരകം വില്ലേജിൽ ഉൾപ്പെട്ടുവരുന്ന വേമ്പനാട്ട് കായലിൽ കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിൽ വ്യാപകമായ കായൽ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പത്തനംതിട്ട, ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ കായൽ പ്രദേശങ്ങളില്ല. മലപ്പുറം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചേർത്തല താലൂക്കിൽ 5 കേസുകളിലായി 19.9 ആർസ് കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ കാപ്പിക്കോ റിസോർട്ട്സിന്റെ കയ്യേറ്റവുമായി ബന്ധപ്പെട്ട് കേസുനിലവിലുള്ളതിനാൽ ടി. റിസോർട്ടുടമകൾ കയ്യേറിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ള 2.9397 ഹെക്ടർ സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ |

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടില്ല. കൂടാതെ പാണാവള്ളി വില്ലേജിൽ ചെറിയ തുരുത്തിൽ ആകെയുള്ള 1.61.86 ഹെക്ടർ സർക്കാർ ഭൂമിയിലെ പതിച്ചുകൊടുത്തിട്ടുള്ളതു കഴിച്ച് ബാക്കി സ്ഥലം തിരിച്ചുപിടിക്കുന്നതിനുള്ള സർവ്വെ ജോലികൾ പുരോഗമിച്ചുവരുന്നു. കൊല്ലം ജില്ലയിൽ 28.40 ആർ സ്ഥലം തിരിച്ചുപിടിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ കുമരകം വില്ലേജിൽ ബ്ലോക്ക് 12-ൽ ഇടശ്ശേരി ടവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഉടമകളിൽനിന്ന് 1.78.80 ഹെക്ടർ കായൽ പുറമ്പോക്ക് തിരിച്ചുപിടിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കോടതിയുടെ പരിഗണനയിൽ ഒരു കേസ് നിലവിലുണ്ട്. പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഡി) | കയ്യേറിയ കായൽ പ്രദേശങ്ങൾ തിരിച്ച് പിടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിന്റെ ഭാഗമായി കയ്യേറിയ എത്ര പ്രദേശങ്ങൾ തിരിച്ച് പിടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | കൊല്ലം ജില്ലയിൽ 28.40 ആർ സ്ഥലം തിരിച്ചുപിടിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ കുമരകം വില്ലേജിൽ ബ്ലോക്ക് 12-ൽ ഇടശ്ശേരി ടവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഉടമകളിൽ |

| | | | |
|---|---|---|---|
| | | | 1.78.80 ഹെക്ടർ കായൽ പുറമ്പോക്ക് തിരിച്ചുപിടിച്ചിട്ടുണ്ട്. അമ്പലപ്പുഴ താലൂക്കിൽ മുല്ലയ്ക്കൽ വില്ലേജിൽ ആകെ 8.30 ആർ രണ്ടു വ്യക്തികൾ കയ്യേറിയിട്ടുള്ളതും ഇതിൽ 4.93 ആർസ് കയ്യേറ്റം കോടതി പരിഗണനയിലും ബാക്കിയുള്ള 3.30 ആർസ് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കെ.എൽ.സി ആക്ട് പ്രകാരവും കേസെടുത്ത് നടപടി സ്വീകരിച്ചു വരുന്നു. ചേർത്തല താലൂക്കിൽ 5 കേസുകളിലായി 19.9 ആർസ് കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ കാപ്പിക്കോ റിസോർട്ട്സിന്റെ കയ്യേറ്റവുമായി ബന്ധപ്പെട്ട് കേസുനിലവിലുള്ളതിനാൽ ടി. റിസോർട്ടുടമകൾ കയ്യേറിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ള 2.9397 ഹെക്ടർ സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. കൂടാതെ പാണാവള്ളി വില്ലേജിൽ ചെറിയ തുരുത്തിൽ ആകെയുള്ള 1.61.86 ഹെക്ടർ സർക്കാർ ഭൂമിയിലെ പതിച്ചുകൊടുത്തിട്ടുള്ളതു കഴിച്ച് ബാക്കി സ്ഥലം |

| | | | |
|---|---|---|---|
| | | | തിരിച്ചുപിടിക്കുന്നതിനുള്ള സർവ്വെ ജോലികൾ പുരോഗമിച്ചുവരുന്നു. കുട്ടനാട് താലൂക്കിൽ കൈനകരി വില്ലേജിൽ ബ്ലോക്ക് നമ്പർ 9-238/2-ൽപ്പെട്ട ഭൂതപ്പാണ്ടം കായലിന്റെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് കെ.എൽ.സി ആക്ട് പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. കൈയ്യേറ്റം ബോധ്യപ്പെട്ടിട്ടുള്ള എല്ലാ താലൂക്കുകളിലും കോടതി കേസുകൾ നിലവിലില്ലാത്ത കയ്യേറ്റങ്ങളിൽ കെ.എൽ.സി ആക്ട് പ്രകാരം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | സംസ്ഥാനത്താകെയുള്ള കായൽ കയ്യേറ്റത്തിന്റെ അളവ് എത്ര വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കുമോ? | (ഇ) | തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ 03.5125 ഹെക്ടർ കായൽ പുറമ്പോക്ക് കൈയ്യേറിയിട്ടുള്ളതും ചിറയിൽകീഴ് താലൂക്കിലെ കൈയ്യേറ്റത്തിന്റെ വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടില്ലാത്തതുമാണ്. കൊല്ലം ജില്ലയിൽ പുറമ്പോക്ക് ഭൂമി കൈവശമുള്ളവർ 01. 41.20 സ്ഥലം കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കോട്ടയം താലൂക്ക് പരിധിയിൽ 6.42.30 ഹെക്ടർ കായൽ |

| | | | |
|---|---|---|---|
| | | | കൈയ്യേറിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ 5 ഏക്കർ കായൽ കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ കായൽ കയ്യേറ്റം റിപ്പോർട്ട് ചെയ്തിട്ടുള്ള 3 താലൂക്കുകളിലായി 25.84 ആർസ് കായൽ പുറമ്പോക്ക് ഒഴിപ്പിക്കു-വാനായി കെ.എൽ.സി ആക്ട് പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ